**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ. രഘുരാമൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി - അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.2000/2020/തസ്വഭവ. തീയതി, തിരുവനന്തപുരം, 23/10/2020

പരാമർശം :- 1. ശ്രീ. രഘുരാമൻ സമർപ്പിച്ച 27.08.2019 തീയതിയിലെ അപ്പീൽ അപേക്ഷ

2. 08.08.2019 തീയതിയിലെ സ.ഉ (സാധാ) നം.1722/2019/ത.സ്വ.ഭ.വ

3. 26.09.2018 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ വി3 5078/17 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭ സെക്രട്ടറിയായിരിക്കെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശം 2 ലെ ഉത്തരവിനെതിരെ ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

അപ്പീൽ അപേക്ഷയിൽ ശ്രീ. രഘുരാമൻ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിക്കുന്നു.

ഇതേ വിഷയവുമായി ബന്ധപ്പെട്ട് ടിയാനെതിരെ 29.04.2016 തീയതിയിലെ ഇ.യു, 1/391/2015/ത.സ്വ.ഭ.വ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് 16.12.2017 തീയതിയിലെ സ.ഉ (സാധാ) 4074/2017/ത.സ്വ.ഭ.വ പ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണെന്നും ആയതിനാൽ ടി വിഷയം പുന:പരിശോധിച്ച് പരാമർശം 2 ഉത്തരവ് റദ്ദ് ചെയ്യണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

എന്നാൽ ഗുരുവായൂർ നഗരസഭയിൽ ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ ആകസ്മിക പരിശോധനയിൽ ബി.എ 157/08-09 തീയതി 25.03.2014, ബി.എ 159/08-09 തീയതി 25.03.2014 എന്നിവ പ്രകാരം നിർമ്മാണ അനുമതി നൽകിയതായി കണ്ടെത്തിയതായ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ ഇതേ റിപ്പോർട്ടിലെ 25.03.2014, തീയതിയിലെ ബി.എ 157/08-09 പ്രകാരം സർവേ നമ്പർ 133/6,7,8,16 എന്നിവയിൽപ്പെട്ട സ്ഥലത്ത് നിർമ്മാണാനുമതി നൽകിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇ.യു. 1/391/2015/ത.സ്വ.ഭ.വ ഫയലിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും 16.02.2017 തീയതിയിലെ സ.ഉ (സാധാ) നമ്പർ 4074/2017/ത.സ്വ.ഭ.വ പ്രകാരം ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞ്കൊണ്ട് തീർപ്പാക്കി ഉത്തരവാകുകയും ചെയ്തിരിക്കുന്നത്. ഈ കേസിൽ സർവ്വേ നമ്പർ 133/6,7,8,16 എന്നിവയിൽപ്പെട്ട സ്ഥലത്ത് നിർമ്മാണാനുമതി നൽകിയതിനാണ് മെമ്മോ നല്കിയിരിക്കുന്നത്. എന്നാൽ സർവേ നമ്പർ 133/16 ൽ പ്പെട്ട

സ്ഥലത്ത് നിർമ്മാണാനുമതി നൽകിയതിനാണ് 08.08.2019 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1722/2019/ത.സ്വ.ഭ.വ പ്രകാരം ടിയാന്റെ ഒരു ഇൻക്രിമെന്റ് തടഞ്ഞ്കൊണ്ട് ഉത്തരവായി തീർപ്പാക്കിയിട്ടുള്ളത്.

ആയതിനാൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ ഒരേ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 16.12.2017 തീയതിയിലെ സ.ഉ (സാധാ) നമ്പർ 4074/2017/ത.സ്വ.ഭ.വ പ്രകാരം സർവേ നമ്പർ 133/6,7,8,16 എന്നിവയിൽപ്പെട്ട സ്ഥലത്ത് നിർമ്മാണാനുമതി നൽതിയതിനും 08.08.2019 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1722/2019/ത.സ്വ.ഭ.വ പ്രകാരം മേൽ സർവ്വേ നമ്പറിൽ ഉൾപ്പെട്ട 133/16 ൽ നിർമ്മാണാനുമതി നൽകിയതിനുമാണ് വീണ്ടും അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ഗുരുവായൂർ നഗരസഭയിൽ ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ ആകസ്മിക പരിശോധനയിൽ ബി.എ 157/08-09 തീയതി 25.03.2014, ബി.എ 159/08-09 തീയതി 25.03.2014 എന്നിവ പ്രകാരം നിർമ്മാണ അനുമതി നൽകിയതിൽ കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ ഒരേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യം 16.12.2017 തീയതിയിലെ സ.ഉ (സാധാ) നമ്പർ 4074/2017/ത.സ്വ.ഭ.വ പ്രകാരം രണ്ട് ഇൻക്രിമെന്റ് തടഞ്ഞ്കൊണ്ടും രണ്ടാമത് സ.ഉ (സാധാ) നമ്പർ 1722/2019/ത.സ്വ.ഭ.വ പ്രകാരം ഒരു ഇൻക്രിമെന്റ് തടഞ്ഞ്കൊണ്ടും അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതെന്ന് കാണുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രഘുരാമൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി പരിഗണിച്ച് ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന കർശന നിർദ്ദേശം നല്കികൊണ്ട് പരാമർശ ഉത്തരവ് പ്രകാരം നല്കിയ ശിക്ഷ ഒഴിവാക്കി പുന:പരിശോധാ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി.**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ശ്രീ. രഘുരാമൻ, പാലക്കാട് നഗരസഭ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.